24-02-2023

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/02/2023.

1. കേരളത്തിലെ കർഷകരുടേയും സംരംഭകരുടേയും ശാസ്ത്രജ്ഞരുടേയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തത്തോടുകൂടി കേരള സർക്കാർ 2016 മുതൽ ആരംഭിച്ച വൈഗയുടെ ആറാമത് പതിപ്പ് വൈഗ 2023 തിരുവനന്തപുരം ജില്ലയിലെ പുത്തരിക്കണ്ടം മൈതാനത്ത് വച്ച് 2023 ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതോടനുബന്ധിച്ച് സംരംഭകരുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകുന്നതിന് ബാങ്കുകൾക്ക് സ്വീകാര്യമാവുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായമാകുംവിധം ഡി.പി.ആർ. ക്ലിനിക്കും കേരളത്തിന്റെ പരമ്പരാഗത ഉൽപ്പന്നങ്ങൾ, കാർഷിക ജി.ഐ. ഉൽപ്പന്നങ്ങൾ, സംസ്കരിച്ച മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയുടെ മെച്ചപ്പെട്ട വിപണനം സാദ്ധ്യമാക്കുന്നതിന് സഹായകമായ B2B മീറ്റും സംഘടിപ്പിക്കുന്നു. കാർഷിക മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് വിദ്യാർത്ഥികൾ, സ്റ്റാർട്ടപ്പുകൾ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള വൈഗ-അഗ്രിഹാക്ക്, കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന 210-ലേറെ പ്രദർശന സ്റ്റാളുകൾ, വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ, കലാപരിപാടികൾ എന്നിവയും വൈഗ 2023 ന്റെ പ്രത്യേകതയാണ്. 2023 ഫെബ്രുവരി 25-ാം തീയതി വൈകുന്നേരം 4.00 മണിക്ക് കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദിന്റെ അധ്യക്ഷതയിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വൈഗ 2023ന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നു. പ്രസ്തുത പരിപാടിയിൽ മന്ത്രിമാർ, മേയർ, എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മറ്റ് ജന പ്രതിനിധികൾ, കർഷക പ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നതാണ്.

2. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ ഉടമസ്ഥതയിൽ കണ്ണൂർ ജില്ലയിലെ പാനൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ബസാറിൽ **"പച്ചക്കറി കൃഷിക്കാവശ്യമായ ഗുണമേന്മയുള്ള വിത്തുകളും വളങ്ങളും വില്പനയ്ക്കെത്തിച്ചിട്ടു**ണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0490 2317007 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

3. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലായി JCB-ഉപയോഗിച്ച് നിലം ഒരുക്കി തീറ്റപ്പുല്ല് നടുന്നതിന് JCB വാടക സംബന്ധിച്ച് മുദ്രവച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ - സൂപ്രണ്ട് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതും, ക്വട്ടേഷൻ കവറിനു പുറത്ത് JCB വാടക സംബന്ധിച്ച ക്വട്ടേഷൻ 2022 -23 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 28 ന് കാലത്ത് 11.00 മണിവരെയാണ്. കൂടതൽ വിവരങ്ങൾക്ക് 8129988434 എന്ന ഫോൺ നമ്പരിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാല കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് (തടമ്പാട്ട്താഴം ) പച്ചക്കറി തൈകളുടെ ഉത്പാദനവും ഗ്രാഫ്റ്റിങ്ങും എന്ന വിഷയത്തിൽ 2023 ഫെബ്രുവരി 27ന് രാവിലെ 10. മണി മുതൽ 5 മണി വരെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 0495 2935850, 9188223584 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ് . ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരം ഉണ്ടായിരിക്കുന്നതാണ് എന്ന് കാർഷിക വിജ്ഞാന വിപണന കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ അറിയിച്ചു.

5. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2023 മാർച്ച് 1 മുതൽ 13 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർട്ടുമായി ക്ഷീരോൽപന്ന നിർമ്മാണ പരിശീനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിന് പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഫെബ്രുവരി 28 -ാം തീയതി 5 മണിക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

6. പൂന്തോട്ട സംരക്ഷകൻ (ഗാർഡൻ കീപ്പർ) എന്ന കൃഷിപാടവത്തിൽ സജ്ജരാക്കുന്നതിനുള്ള നൈപുണ്യ വികസന പരിശീലനം പട്ടാമ്പിയിൽ സ്ഥിതിചെയ്യുന്ന പാലക്കാട് കൃഷിവിജ്ഞാന കേന്ദ്രത്തിൽ

ഉടൻ ആരംഭിക്കുന്നു. ഭാരത സർക്കാറിന്റെ നൈപുണ്യ വികസന പദ്ധതിയുടെ കീഴിൽ സംഘടിപ്പിക്കുന്ന 26 ദിവസം ദൈർഘ്യമുള്ള പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര ഏജൻസി അംഗീകൃത സർട്ടിഫിക്കറ്റും പരിശീലനത്തിനുള്ള അനുബന്ധ സഹായങ്ങളും നൽകുന്നതായിരിക്കും. നഴ്സറി മാനേജ്മെന്റും ഗാർഡനിങ്ങ് ഘടകങ്ങളും, വിവിധതരം ബഡ്ഡിങ്ങ് ഗ്രാഫ്റ്റിങ്ങ് പ്രവർധന മാർഗ്ഗങ്ങൾ, മാതൃവൃക്ഷ സംരക്ഷണവും പരിപാലനവും, വിവിധതരം ലാന്റ് സ്കെയിപ്പിങ്ങ്, ലംബകൃഷി (വെർട്ടിക്കൽ ഗാർഡനിങ്ങ്), സൂക്ഷ്മ ജലസേചനം, ഹൈഡ്രോപോണിക്സ്. വളർത്തു മൃഗ സംരക്ഷണം, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങൾ പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകി പ്രോഗ്രാമിൽ വിശദമായി പ്രതിപാദിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ താമസിക്കുന്ന താത്പര്യമുള്ള യുവതി യുവാക്കളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ 18 നും 45നും മദ്ധ്യേ പ്രായമുള്ളവരും പത്താം ക്ലാസ് യോഗ്യതയുള്ളവരും ആയിരിക്കണം. രജിസ്റ്റർ ചെയ്യുന്നവരിൽ നിന്ന് പരിശീലനത്തിനുള്ള അഭിരുചിയും, കായികക്ഷമതയും ഇതിനായി നടത്തുന്ന പരിശോധനയിൽ ബോധ്യപ്പെടുന്ന 25 പേർക്കാണ് പരിശീലനം നൽകുക. അപേക്ഷകൾ ഫെബ്രുവരി 25 നകം നേരിട്ടോ, തപാൽ മുഖേനയോ, kvkpalakkad@kau.in എന്ന ഈ മെയിൽ മുഖാന്തിരമോ, 6282937809 എന്ന വാട്സ്ആപ്പ് മുഖേനയോ പ്രോഗ്രാം കോർഡിനേറ്റർ കൃഷി വിജ്ഞാനകേന്ദ്രം പാലക്കാട് ,മേലെ പട്ടാമ്പി (പി), പാലക്കാട്, 79306 എന്ന  വിലാസത്തിലോ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0466-2212279, 2912008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. മലമ്പുഴ സർക്കാർ സംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 25ന് (25.02.2023) രാവിലെ 10 മണി മുതൽ 4 മണി വരെ "തീറ്റപ്പുൽ കൃഷി" എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

8. ചെറുകിടത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന ടാപ്പർമാർക്കായി റബ്ബർബോർഡ് നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകാൻ ഇന്നു വരെ (24.02.2023) അപേക്ഷ നൽകാം.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

റബ്ബറുത്പാദകസംഘങ്ങളിൽ ഷീറ്റുനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും സ്വന്തം തോട്ടങ്ങളിൽ കുറഞ്ഞത് നൂറു മരങ്ങളെങ്കിലും ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കും പദ്ധതിയിൽ അംഗങ്ങളാകാം. അപേക്ഷകരുടെ പ്രായപരിധി 18-നും 59-നും ഇടയിലായി നിജപ്പെടുത്തിയിട്ടുണ്ട്. മുന്നൂറ് രൂപയാണ് കുറഞ്ഞ വാർഷിക പ്രീമിയം തുക. ഓരോ അംഗത്തിന്റെയും പേരിൽ റബ്ബർബോർഡിന്റെ വിഹിതമായി 600 രൂപ നിക്ഷേപിക്കപ്പെടുന്നതാണ്. പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് സ്വാഭാവികമരണത്തിന് 80000 രൂപയും അപകടമരണത്തിന് 1.8 ലക്ഷം രൂപയും ഇൻഷ്വറൻസ് പരിരക്ഷയുണ്ടായിരിക്കും. അടയ്ക്കുന്ന തുകയ്ക്ക് അനുസൃതമായി ഒരു തുക പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ അംഗത്തിനും തിരികെ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം